**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3732** **26-10-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീര സഹകരണസംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | Smt J Chinchurani (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സഹകരണസംഘം നിയമത്തിലെ വകുപ്പ് 80 പ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ നടപ്പിലക്കിയിട്ടില്ലാത്ത എത്ര ക്ഷീര സഹകരണസംഘങ്ങൾ സംസ്ഥാനത്തുണ്ട്; സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുവാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ; | (എ) | ലഭ്യമായ കണക്കുകൾ പ്രകാരം 1356 ക്ഷീരസംഘങ്ങളിൽ സഹകരണസംഘം നിയമത്തിലെ വകുപ്പ് 80 പ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടില്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതോ, സാമ്പത്തിക പ്രാപ്തി ഇല്ലാത്തതോ ആയ ക്ഷീര സഹകരണ സംഘങ്ങളെ സംബന്ധിച്ചിടത്തോളം പ്രസ്തുത സംഘങ്ങളെ ശമ്പള പരിഷ്കരണത്തിൽ നിന്നും ഒഴിവാക്കുന്നതിന് കാര്യകാരണ സഹിതം ബന്ധപ്പെട്ട ഭരണസമിതി തീരുമാനിച്ച് അപേക്ഷിക്കുകയും ക്ഷീരസഹകരണ സംഘം രജിസ്ട്രാർക്ക് ആയത് പരിശോധിച്ച് ശരിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് കാലപരിധി നിശ്ചയിച്ച് കൊണ്ട് ഇളവ് അനുവദിക്കാവുന്നതുമാണ്. സാമ്പത്തികമായി ബുദ്ധിമുട്ടുള്ള സംഘങ്ങളിലാണ് ഈ നിയമപ്രകാരം സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടില്ലാത്തത്. |
| (ബി) | മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനുകൾ പ്രാഥമിക ക്ഷീര സഹകരണസംഘങ്ങൾക്ക് നൽകുന്ന പാൽവില മാർജിൻ വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | ക്ഷീരസംഘങ്ങൾ വഴി മേഖലാ യൂണിയനുകളിൽ സംഭരിക്കുന്ന പാലിൽ അടങ്ങിയിട്ടുള്ള കൊഴുപ്പിനും, കൊഴുപ്പിതര ഖരപദാർത്ഥങ്ങൾക്കും ആനുപാതികമായി തയ്യാറാക്കിയിട്ടുള്ള അംഗീകൃത പാൽവില ചാർട്ട് അടിസ്ഥാനമാക്കിയാണ് മേഖലാ യൂണിയൻ പാൽവില നൽകുന്നത്. ന്യായമായ മാർജിൻ ഇതിലൂടെ സംഘങ്ങൾക്ക് ലഭിക്കുന്നുണ്ട്. ആയതിനാൽ മാർജിൻ വർദ്ധിപ്പിക്കുന്നത് ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (സി) | സംസ്ഥാനത്ത് ജനിക്കുന്ന മുഴുവൻ കന്നുകുട്ടികൾക്കും കന്നുകുട്ടിപരിപാലന പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (സി) | പശുക്കുട്ടികളെ ശാസ്ത്രീയമായി വളർത്തി മികച്ച ഉത്പാദന ക്ഷമതയുള്ള പശുക്കളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന കന്നുകുട്ടി പരിപാലന പദ്ധതി (ഗോവർദ്ധനി പദ്ധതി) പ്രകാരം പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, |

| | | | |
|---|---|---|---|
| | | | ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉറപ്പാക്കുന്നു. ഒരു യൂണിറ്റിന് 12500/- രൂപ സബ്സിഡി നൽകി വരുന്നു. നടപ്പ സാമ്പത്തിക വർഷം 50 കോടി രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിനുള്ള നടപടികൾ ലളിതമാക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ക്ഷീരവികസന വകുപ്പിനു കീഴിലുള്ള ഏതെങ്കിലും ഒരു ക്ഷീരസംഘത്തിൽ ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 500 ലിറ്റർ പാൽ നൽകുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരു ക്ഷീരകർഷകനും ക്ഷേമനിധി അംഗത്വത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ സാധ്യമാണ്. ഇതിനായി ക്ഷീരകർഷകരെ സഹായിക്കുന്നതിന് ഫീൽഡ് തലത്തിൽ വേണ്ട സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ